8803
14/5/19

അനുബന്ധം -എച്ച് - 4

''ഭരണഭാഷ-മാതൃഭാഷ''

നം. ജി3/18309/2013

വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയം,
എറണാകുളം, തീയതി : 12.04.2019
Phone No. 0484 2422227
E-mail : ddeekm@gmail.com.

നോട്ടീസ്

ശ്രീ.എം.എൻ.സെൽവകുമാർ, ഓഫീസ് അറ്റൻഡന്റ്, ഗവണ്മെന്റ് എച്ച്.എസ്. അകനാട് എന്നയാളെ അറിയിക്കുന്നതെന്തന്നാൽ 10.09.2012 മുതൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാത്തതിന് താങ്കൾക്കെതിരെ 1960-ലെ കേരള സിവിൽ സർവ്വീസുകൾ (തരംതിരിക്കലും, നിയന്ത്രണവും, അപ്പീലും) ചട്ടങ്ങളിൽ വിഭാവനം ചെയ്യുന്ന പ്രകാരമുള്ള ശിക്ഷണ നടപടി നിങ്ങൾക്കെതിരെ എടുക്കാതിരിക്കുവാൻ കാരണം കാണിക്കുന്ന താങ്കളുടെ പ്രതിവാദപത്രികയോ, വിശദീകരണമോ സമർപ്പിക്കുവാൻ താങ്കളോട് നിർദ്ദേശിച്ചുകൊണ്ടുള്ള കുറ്റാരോപണങ്ങളുടെ സ്റ്റേറ്റ്മെന്റ് സഹിതമുള്ള ചാർജ്ജ് മെമ്മോ/കുറ്റപത്രം 15.01.2016-ാം തീയതിയിലെ ജി3/18309/13 നമ്പർ പ്രകാരം ഏറ്റവും ഒടുവിൽ അറിയാവുന്ന താങ്കളുടെ മേൽവിലാസത്തിൽ അയച്ചിരുന്നു. എന്നാൽ ചാർജ്ജ് മെമ്മോ/കുറ്റപത്രം വിതരണം ചെയ്യപ്പെടാതെ രേഖപ്പെടുത്തിയ വിലാസത്തിൽ ആളില്ലാത്തതിനാൽ പോസ്റ്റൽ അധികാരികൾ മടക്കി. അതിനാൽ ഈ നോട്ടീസ് പരസ്യപ്പെടുത്തുന്ന ദിവസം മുതൽ 15 ദിവസത്തിനുള്ളിൽ താങ്കൾക്ക് എതിരെ തയ്യാറാക്കിയ കുറ്റപത്രത്തിന് താങ്കളുടെ ലിഖിതമായ പ്രതിവാദപത്രികയോ, മറ്റു വിശദീകരണോ ലഭിക്കാത്ത പക്ഷം താങ്കൾക്ക് യാതൊരു പ്രതിവാദവും ബോധിപ്പിക്കുവാനില്ല എന്ന് അനുമാനിക്കുന്നതും, അതിനനുസൃതമായി തുടർന്നുള്ള നടപടികൾ എടുക്കുന്നതുമാണ്. കുറ്റാരോപണങ്ങളുടെ സ്റ്റേറ്റ്മെന്റ് സഹിതമുള്ള കുറ്റാരോപണത്തിന്റെ കാരണം കാണിക്കൽ നോട്ടീസിന്റെ പൂർണ്ണരൂപം നിശ്ചിത കാലാവധിക്കു മുമ്പ് വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയം, എറണാകുളത്തുനിന്നും ആഫീസ് പ്രവർത്തി സമയങ്ങളിലോ, അല്ലെങ്കിൽ അത് അയക്കേണ്ടതായ താങ്കളുടെ മേൽവിലാസം നൽകികൊണ്ട് താങ്കൾ നൽകുന്ന അപേക്ഷയിന്മേലോ താങ്കൾക്ക് വാങ്ങാവുന്നതാണ്.

വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ,
എറണാകുളം.

സ്വീകർത്താവ്

ശ്രീ.എം.എൻ സെൽവകുമാർ.
മേക്കേത്ത്കുടി
പാനിപ്ര പി.ഒ
നാഗഞ്ചേരി, കോതമംഗലം

എസ്. 24.04.19